II ഇ.ബി. XII- കേരള നിയമസഭ/XIV-12

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 17, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

38 (*331) സംസ്ഥാനത്തെ അറവുശാലകളുടെ പ്രവർത്തനം

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ 16 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന മാനദണ്ഡപ്രകാരമുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ളതുമായ അറവുശാലകളെ ആരോഗ്യ വകുപ്പിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഹെൽത്ത് ഇൻസ്പെക്ടർമാർ, മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻമാർ, മലിനീകരണ നിയന്ത്രണ ബോർഡിലെ ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 2006-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അടച്ചുപൂട്ടൽ ഉത്തരവ് നൽകിയ ആലപ്പുഴ, ചേർത്തല, കായംകുളം, ആലുവ, കലൂർ, മട്ടാഞ്ചേരി, നോർത്ത് പറവൂർ, പെരുമ്പാവൂർ, കൊല്ലം, പത്തനാപുരം, പുനലൂർ, ഈരാറ്റുപേട്ട, കോട്ടയം, വൈക്കം, വടകര, മലപ്പുറം,

ഒറ്റപ്പാലം, പാലക്കാട്, പത്തനംതിട്ട, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, തിരുവനന്ത പുരം, വർക്കല, ചാലക്കുടി, ഇരിങ്ങാലക്കുട, കുന്നംകുളം, തൃശ്ശൂർ, നെടുമങ്ങാട്, തൊടുപുഴ എന്നിവിടങ്ങളിലെ അറവുശാലകളിൽ ആലപ്പുഴ, ചേർത്തല, കലൂർ, മട്ടാഞ്ചേരി, ഈരാറ്റുപേട്ട, മലപ്പുറം, ഒറ്റപ്പാലം, പാലക്കാട്, ആറ്റിങ്ങൽ, വർക്കല, കുന്നംകുളം, തൊടുപുഴ എന്നിവിടങ്ങളിലെ അറവുശാലകൾ ഇപ്പോഴും പ്രവർത്തിക്കുന്നില്ല. പത്തനാപുരം, പുനലൂർ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലെ അറവുശാലകൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെയാണ് പ്രവർത്തിക്കുന്നത്. നിയമാനുസൃതം മാത്രമേ അറവുശാലകൾ പ്രവർത്തിക്കുവാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമപ്രകാരമല്ലാത്ത അറവുശാലകളും മാംസ-മത്സ്യവിപണന കേന്ദ്രങ്ങളും അടച്ചുപൂട്ടാൻ നടപടി സ്വീകരിച്ചുവരികയാണ്. അറവുശാലകളിലും കോഴിയിറച്ചി വില്പന നട ത്തുന്ന സ്ഥലങ്ങളിലും മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നുള്ള സർക്കാർ ഉത്തരവ് പാലിക്കാത്തവരുടെ പേരിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ രണ്ട് കൊല്ലം വരെ കഠിനതടവ് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ്. അറവുശാലകൾ നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള മേൽനോട്ടം വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയും ഇവ മാതൃകാപരമായി പ്രവർത്തിപ്പിക്കുന്നതിന് മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പ്രധാനപ്പെട്ട പഞ്ചായത്തുകൾക്കും സഹായം നൽകുകയും ചെയ്യുന്നതിനായി അടുത്ത വർഷത്തേയ്ക്ക് 18 കോടി രൂപ

നീക്കിവച്ചിട്ടുണ്ട്. മാംസാവശ്യത്തിനുള്ള കന്നുകാലികളുടെ ആന്റിമോർട്ടം നടത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സാങ്കേതിക വിദഗ്ദ്ധരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുന്നതിനും നാലഞ്ച് പഞ്ചായത്തുകൾ ഉൾപ്പെട്ട ഒരു ബ്ലോക്കിൽ ഒരു ക്ലസ്റ്റർ വീതം രൂപീകരിച്ച് അവിടെ മൃഗങ്ങളെ കശാപ്പ് ചെയ്ത് മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാംസം എത്തിക്കുന്നതിനുമാണ് ആലോചിക്കുന്നത്. യന്ത്രത്തകരാറുമൂലം പ്രവർത്തനം നടത്താൻ കഴിയാത്ത ആധുനിക അറവുശാലകളെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കന്നുകാലികളെ കശാപ്പ് ചെയ്തശേഷം തലയും കൊമ്പും മറ്റും പ്രദർശിപ്പിക്കുന്ന അറവുശാലകൾക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നും അറവുശാലകളിൽ കന്നുകാലികളെ പരിശോധിക്കുന്നതിനുള്ള വെറ്ററിനറി ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനാണ് ബുദ്ധിമുട്ടുള്ളതെന്നും കേരളത്തിന്റെ സാഹചര്യ ങ്ങൾക്കനുസരിച്ച് അറവുശാലകളുടെ ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരു ത്താനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

39 (*332) അന്യസംസ്ഥാന ലോട്ടറികൾ

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്ട് പ്രകാരം സിക്കിം, ഭൂട്ടാൻ എന്നീ സംസ്ഥാനങ്ങൾ മുൻകൂർ നികുതി അടച്ച് കേരളത്തിൽ ലോട്ടറി വിൽക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. നികുതിയിനത്തിൽ ഒരു വർഷം 76.65 കോടി രൂപ ലഭിക്കുന്നുണ്ട്. ലോട്ടറി ടിക്കറ്റ് ഒരു ഓക്ഷണബിൾ ക്ലെയിം മാത്രമായതുകൊണ്ട് നികുതി പിരിക്കാൻ പാടില്ലെന്നാണ് സുപ്രീംകോടതി വിധിച്ചിരിക്കുന്നത്. അനധികൃത ലോട്ടറികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാമെങ്കിലും റെയ്ഡ് നടത്തുന്നതിനും ലോട്ടറി ടിക്കറ്റുകൾ പിടിച്ചെടുക്കുന്നതിനും കോമ്പീറ്റന്റ് കോർട്ടിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണെന്നും അവ നിരോധിക്കുന്നതിന് അവകാശമില്ലെന്നുമുള്ള സുപ്രിംകോടതി വിധിയുണ്ട്. സുപ്രീംകോടതിയിൽ നിന്നും അനുവാദം വാങ്ങി കടകൾ പരിശോധിക്കുകയും ആഴ്ചതോറുമുള്ള റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്യുന്നതിനായി ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി-യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീം 946 സ്ഥലങ്ങളിൽ നിരീക്ഷണം നടത്തുകയും നൂറിലധികം സ്ഥലങ്ങളിൽ കോടതിയിൽ നിന്ന് വാറണ്ട് വാങ്ങി പരിശോധന നടത്തുകയും ചെയ്തതിന്റെ ഫലമായി ഏതാണ്ട് 57 ലക്ഷത്തിലധികം രൂപയുടെ ഓൺ ലൈൻ ലോട്ടറി ടിക്കറ്റുകളും എൺപതിനായിരത്തിലധികം രൂപയും പിടിച്ചെടുത്തിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ടനുസരിച്ച് കേന്ദ്ര ലോട്ടറി നിയമത്തിലെ 4(ബി), 4(ഡി), 4(എച്ച്)

എന്നീ വ്യവസ്ഥകൾ ലംഘിക്കുന്ന അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ ശക്തവും നിയമപരവുമായ എല്ലാ നടപടികളും സ്വീകരിക്കാൻ ബന്ധപ്പെട്ട വർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റദ്ദായിപ്പോയ പഴയ കേസ്സുകൾ റിവൈവ് ചെയ്യാൻ പറ്റുമോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ലോട്ടറി വകുപ്പിന് കൂടുതൽ സ്വാതന്ത്ര്യം നൽകുകയും പുതിയ ലോട്ടറികൾ ആരംഭിക്കുകയും സമ്മാന ഘടനയിൽ മാറ്റങ്ങൾ വരുത്തി ആകർഷകമായ സമ്മാനങ്ങൾ ഏർപ്പെടുത്തുകയും ലോട്ടറി വില്പനക്കാരുടെ ക്ഷേമനിധി പുന:സ്ഥാപിക്കുകയും ആകർഷകമായ പരസ്യങ്ങൾ നൽകുകയും ചെയ്തതിന്റെ ഫലമായി ലോട്ടറി ടിക്കറ്റുകളുടെ വില്പനയിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്. അടുത്ത വർഷം 1000 കോടി രൂപയുടെ വില്പനയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അടുത്ത വർഷത്തെ ഓണം മുതൽ ലോട്ടറി വില്പനക്കാർക്ക് ക്ഷേമനിധിയുമായി ബന്ധപ്പെട്ട് വാർഷിക ബോണസ് നൽകുന്ന കാര്യം പരിഗണനയിലാണ്. സുപ്രീംകോടതി സംസ്ഥാനത്തിന് അനുകൂലമായ നിലപാട് സ്വീകരിക്കുന്നതിനിടയിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ലോട്ടറീസ് ആക്ടിന്റെ കരട് ചട്ടം സംസ്ഥാന ത്തിന് വളരെയധികം ദോഷഫലങ്ങളുണ്ടാക്കാൻ ഇടവരുത്തും. ഇക്കാര്യം രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരുംകൂടി യോജിച്ച് കേന്ദ്രത്തിന്റെ ശ്രദ്ധ യിൽപ്പെടുത്തേണ്ടതുണ്ട്. പ്രസ്തുത കരട് ചട്ടം അനുസരിച്ച് അന്യസംസ്ഥാന ലോട്ടറികളുടെ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ അതിന്മേൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിൽ മാത്രം നിക്ഷിപ്തമാക്കുകയും ഭരണഘടനയിലെ ചൂതാട്ട നിയമത്തിൽ ഉൾപ്പെടുത്തി കേരളത്തിൽ നിരോധിച്ചിട്ടുള്ള ഓൺ ലൈൻ ലോട്ടറിയെ യൂണിയൻ

ലിസ്റ്റിൽപ്പെട്ട ലോട്ടറിയായി പ്രഖ്യാപിച്ചിരിക്കുകയുമാണ്. അഡ്വാൻസായി നികുതി അടയ്ക്കുന്ന അന്യസംസ്ഥാന ലോട്ടറികൾക്ക് സംസ്ഥാനത്ത് വില്പന നടത്തുന്നതിന് അനുവാദം കൊടുക്കണമെന്നുള്ളതാണ് നിയമം. അരുണാചൽ പ്രദേശിന്റെ ലോട്ടറികൾ സംസ്ഥാനത്ത് വില്പന നടത്തുന്നതിന് രജിസ്ട്രേഷൻ അനുവദിച്ചിട്ടില്ലെന്നും നിയമം ലംഘിച്ചുകൊണ്ട് വില്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകൾ നിരോധിക്കുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

40 (*333) <u>ധനമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്</u>

<u>നടപടി</u>

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ധന മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി നികുതി പിരിവ് കാര്യക്ഷമമാക്കുകയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുകയും റിസർവ്വ് ബാങ്കിൽ നിന്നും ഓവർ ഡ്രാഫ്റ്റ് ഉണ്ടാകാത്ത രീതിയിൽ വരവ്-ചെലവുകൾ ക്രമീകരിക്കുകയും കടമെടുപ്പ് സമയബന്ധിതമാക്കി നടപ്പിലാക്കുകയും ട്രഷറി പേയ്മെന്റുകൾക്ക് ഉണ്ടായിരുന്ന നിയന്ത്രണങ്ങൾ പിൻവലിക്കുകയും നിലവിൽ പദ്ധതി ചെലവുകൾക്കും 5 കോടി രൂപ വരെയുള്ള പദ്ധതിയേതര ചെലവുകൾക്കും സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ ട്രഷറി നിക്ഷേപങ്ങളിൽ നിന്ന് 1 കോടി രൂപ വരെയുള്ള പിൻവലിക്കലുകൾക്കുമുള്ള നിയന്ത്രണങ്ങൾ എടുത്തുകളയുകയും കൺസോളിഡേറ്റഡ് സിങ്കിങ് ഫണ്ടിൽ നിക്ഷേപം ഉറപ്പാക്കിയതുമൂലം സംസ്ഥാനത്തിന്റെ വേയ്സ് ആന്റ് മീൻസ് പരിധി ഉയർന്ന

തോതിൽ നിലനിർത്തുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നടപ്പു വർഷം കേവലം 15 ദിവസം വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് വേണ്ടി വന്നപ്പോൾ കുറഞ്ഞ പലിശ നിരക്കിലുള്ള സ്പെഷ്യൽ വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് മാത്രമേ എടുക്കേണ്ടി വന്നുള്ളൂ. കൂടാതെ ടാക്സ്, നോൺ ടാക്സ് റവന്യൂ റേഷ്യോയിൽ ഗുണകരമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതി പണം ചെലവഴിക്കുന്നതിലും യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. പാഴ്ചെലവുകളും അനാവശ്യ ചെലവുകളും നിയന്ത്രിക്കുന്നതിന് പുതിയ തസ്തിക സൃഷ്ടിക്കുന്നതിലും തസ്തികകളുടെ അപ്ഗ്രഡേഷനിലും നിയന്ത്രണം ഏർപ്പെടുത്തുകയും ഒരു വർഷത്തിൽ കൂടുതൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നിർത്തലാക്കാൻ വ്യവസ്ഥ ചെയ്യുകയും ടെലിഫോൺ, മൊബൈൽ ഫോൺ, ഇന്ധന ഉപയോഗം എന്നിവയ്ക്ക് നിശ്ചയിച്ചിരിക്കുന്ന പ്രതിമാസ പരിധി പാലിക്കുന്നതിന് വകുപ്പുതലവന്മാർക്ക് കർശന നിർദ്ദേശം നൽകുകയും മന്ത്രിമാരും ഉദ്യോഗസ്ഥരും ഇക്കോണമി ക്ളാസിലേ യാത്ര ചെയ്യാവൂ എന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതി ചെലവിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് 13.12.2006-ലെ ഉത്തരവ് പ്രകാരം ചെലവുകൾക്കുള്ള പ്രതിമാസ പരിധി സമ്പ്രദായം നിർത്തലാക്കുകയും ധനകാര്യ വർഷത്തിന്റെ ആദ്യ പാദത്തിൽ കുറഞ്ഞത് 10 ശതമാനവും രണ്ടാം പാദത്തിൽ കുറഞ്ഞത് 40 ശതമാനവും മൂന്നാം പാദത്തിൽ കുറഞ്ഞത് 70 ശതമാനവും വർഷാന്ത്യത്തിൽ പൂർണ്ണമായും ചെലവ് നടത്തിയിരിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 06-08-2008-ലെ ഉത്തരവ് പ്രകാരം മൂന്ന് കോടി രൂപ വരെ അടങ്കലുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ഭരണ വകുപ്പുകൾക്ക് അനുവാദം നൽകുകയും

അതിൽ കൂടുതൽ അടങ്കൽ വരുന്ന പുതിയ പദ്ധതികൾക്ക് ധനകാര്യ വകുപ്പ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് വഴി ഭരണാനുമതി നൽകുകയും ചെയ്യുന്നുണ്ട്. എല്ലാ മാസവും ഒന്നിലധികം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ചേർന്ന് ഇപ്രകാരമുള്ള ഭരണാനുമതി നൽകിവരുന്നുണ്ട്. 28-01-2010-ലെ സർക്കുലർ പ്രകാരം കേരള ഫിനാൻഷ്യൽ കോഡ് നിഷ്ക്കർഷിക്കുന്ന ധനകാര്യ അച്ചടക്കം പാലിച്ചുകൊണ്ട് പരമാവധി ചെലവ് ചെയ്യാനും 04-03-2010-ലെ സർക്കുലർ പ്രകാരം വർഷാന്ത്യങ്ങളിൽ ഫണ്ട് ലാപ്സാകുന്നത് ഒഴിവാ ക്കാൻവേണ്ടി മാത്രം ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നത് നിയന്ത്രി ക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. വർഷാന്ത്യത്തിന് മുമ്പുതന്നെ വകുപ്പുകൾ ബജറ്റ് വിഹിതം യഥാർത്ഥ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുകയും അനാസ്ഥമൂലം ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കുകയും ചെയ്യുമെന്നാണ് ഉദ്ദേശിക്കുന്നത്. ചെലവ് ചുരുക്കലിന്റെ ഭാഗമായി മുൻ സർക്കാർ തടഞ്ഞു വച്ച താൽക്കാലിക ജീവനക്കാരുടെ ഡി.എ.യും മറ്റ് ആനുകൂല്യങ്ങളും 23-10 -2007-ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി കേരളത്തിന്റെ ടൂറിസം, റിയൽ എസ്റ്റേറ്റ്, വ്യാപാര മേഖലകളിൽ ഗണ്യമായ ഇടിവുണ്ടായെങ്കിലും വ്യാവസായിക-കാർഷിക മേഖലകളിൽ വലിയ തകർച്ച ഉണ്ടായിട്ടില്ലെന്നും നികുതി വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയതിന്റെ ഫലമായി നികുതി വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും ട്രഷറിയിൽ കോർ ബാങ്കിംഗ് സമ്പ്ര ദായം കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്ന മിടാത്ത 2798 മുതൽ 3039 വരെയുള്ള ചോദ്യങ്ങളിൽ 198 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)